(സി) ലോകബാങ്കിൽ നിന്നും എന്തു സഹായം ലഭിക്കും ;

(ഡി) ഏതൊക്കെ ജില്ലകളെയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ;

(ഇ) ഓരോ ജില്ലയ്ക്കും എന്ത് തുക വീതമാണ് അനുവദിക്കുന്നത് ;

(എഫ്) ഈ പദ്ധതി എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇല്ല. പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച് അവസാനഘട്ട ചർച്ചകൾ നടന്നുവരികയാണ്. താമസിയാതെ പദ്ധതിക്ക് അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പദ്ധതിയുടെ മൊത്തം ചെലവ് 80 മില്ല്യൻ അമേരിക്കൻ ഡോളറായിരിക്കും എന്ന് കണക്കാക്കപ്പെടുന്നു.

(സി) 60 മില്ല്യൻ അമേരിക്കൻ ഡോളറായിരിക്കും എന്ന് കണക്കാക്കപ്പെടുന്നു.

(ഡി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾ.

(ഇ) ജില്ല തിരിച്ച് എന്തു തുക നൽകണമെന്ന് തീരുമാനിച്ചിട്ടില്ല. ഇക്കാര്യം പരിഗണനയിലാണ്.

(എഫ്) ജനുവരി 2001

"പ്രകാശ കേരളം - പ്രശാന്ത കേരളം" പദ്ധതി

28 (*208) ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "പ്രകാശ കേരളം - പ്രശാന്ത കേരളം" പദ്ധതിയുടെ നടത്തിപ്പ് ഏത് ഘട്ടത്തിൽ എന്ന് വെളിപ്പെടുത്തുമോ ;

(ബി) "പ്രകാശ കേരളം - പ്രശാന്ത കേരളം" പദ്ധതി പ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകാൻ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ;

(സി) ഈ പദ്ധതി പ്രകാരം ഉപഭോക്താക്കൾ എന്തൊക്കെ ചെലവുകളാണ് വഹിക്കേണ്ടി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് 21-6-2000-ൽ ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കൈക്കൊണ്ടിട്ടുണ്ട്.

(സി) അപേക്ഷാഫീസായ 25 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റായ 50 രൂപയുമാണ് ഉപഭോക്താക്കൾ അടയ്ക്കേണ്ടത്. വീടുകൾ വയറിംഗ് നടത്തേണ്ടതിന്റെ ചെലവ് താഴെപ്പറയുന്ന ഏജൻസിക്കോ, അതല്ലായെങ്കിൽ ഉപഭോക്താവിനോ അടയ്ക്കാം.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ;
2. എൻ. ഇ.എസ്. ബ്ലോക്കുകൾ ;
3. റസിഡൻസ് അസോസിയേഷനുകൾ ;
4. സഹകരണ സംഘങ്ങൾ ;
5. ഏതെങ്കിലും സന്നദ്ധ സംഘടനകൾ.

വെതർ പ്രൂഫ് കണക്ഷൻ നൽകുന്നതിനുള്ള ചെലവു മാത്രമേ ബോർഡ് വഹിക്കുകയുള്ളു. കണക്ഷൻ നൽകുന്നതിന് മറ്റേതെങ്കിലും ചെലവ് വരികയാണെങ്കിൽ (ലൈൻ വലിക്കുക, പോസ്റ്റു നീട്ടുക, ട്രാൻസ്ഫോർമർ സ്ഥാപിക്കുക എന്നിവയ്ക്കുള്ളത്) അവ മുകളിൽ പറഞ്ഞ ഏതെങ്കിലും ഏജൻസികളോ അടയ്ക്കേണ്ടതുണ്ട്.

(ഡി) ഉണ്ട്. മറ്റു കണക്ഷനുകളെ അപേക്ഷിച്ച് മുന്തിയ പരിഗണന നൽകി 31-12-2000ന് മുമ്പ് കണക്ഷൻ നൽകാനാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്നയിടങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിന് പദ്ധതി

29 (*209) ശ്രീ. എം മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി - പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ഗവൺമെന്റ് ആശുപത്രികൾ സ്ഥാപിക്കുന്നതിന് പട്ടിജാതി-പട്ടികവർഗ്ഗ വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി പ്രകാരം ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എവിടെയെല്ലാമാണ് ആശുപത്രികൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly